# കാർഷിക സർവകലാശാല വൈസ് ചാൻസലർ ഇന്നു സ്ഥാനമൊഴിയും

മണ്ണുത്തി • കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. പി.രാജേന്ദ്രൻ ഇന്നു സ്ഥാനമൊഴിയും.

ഇന്നു രണ്ടിനു സർവകലാശാല ആസ്ഥാനത്തു നടക്കുന്ന യാത്രയയപ്പു യോഗം മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. 2012 നവംബർ ഒന്നിനാണു സർവകലാശാല വൈസ് ചാൻസലറായി ഡോ. പി.രാജേന്ദ്രൻ സ്ഥാനമേറ്റത്.

അക്കാദമിക് ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും കാലാനുസൃതമായ നവീകരണത്തിലൂടെ പ്രവേശനം മുതൽ പരീക്ഷാ ഫല പ്രഖ്യാപനം വരെ ഓൺലൈനാക്കാൻ കഴിഞ്ഞതും 17 വർഷമായി മുടങ്ങിക്കിടന്നിരുന്ന ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചതും ഐസിഎആറിന്റെ ലഭ്യത മൂന്നിരട്ടിയാക്കിയതും അദ്ദേഹത്തിന്റെ ഭരണ കാലത്തെ നേട്ടങ്ങളാണ്.

സർവകലാശാലയ്ക്കു കൂടുതൽ സ്ഥലസൗകര്യങ്ങൾ ഒരുക്കിയതും സർവകലാശാല ക്യാംപസിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു സ്ഥിരം സംവിധാനമൊരുക്കിയതും ഇക്കാലത്താണ്. ഉപ്പുവെള്ളത്തെയും വരൾച്ചയെയും പ്രതിരോധിക്കാൻ കഴിവുള്ള നെല്ലിനങ്ങളുൾപ്പെടെ അമ്പതോളം വിളവുകൾ പുറത്തിറക്കാനും നടപടിയെടുത്തു.

സർവകലാശാലയിലെ പൂർവ വിദ്യാർഥിയും വെള്ളായണി കാർഷിക കോളജിലെ അധ്യാപകനുമാണ് ഡോ. പി.രാജേന്ദ്രൻ.